(സി) സെൻസസ് ജോലികൾ ഇപ്പോൾ കാര്യക്ഷമമായിട്ടാണ് നടന്നു വരുന്നത്.

പ്രചാരണ പ്രസിദ്ധീകരണങ്ങൾ

26 (26) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രചാരണ പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചു ;

(ബി) ഇവ അച്ചടിച്ചതെവിടെയാണ് ;

(സി) ഇവ ആര്, ഏത്, പ്രസ്സിൽ അച്ചടിച്ചു എന്ന വിവരം പ്രസ്തുത പ്രസിദ്ധീകരണങ്ങളിൽ കൊടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഇതിൽ ഏതെങ്കിലും നിയമലംഘനമുള്ള പക്ഷം പ്രസ്തുത വിവരങ്ങളില്ലാതെ ഈ പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചവരുടെ മേൽ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ മന്ത്രിസഭയുടെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 25 പുസ്തകങ്ങളും കൂടാതെ എല്ലാ വകുപ്പുകളുടേയും നേട്ടങ്ങൾ പ്രതിപാദിക്കുന്ന ഒരു പുസ്തകം (നിറവിന്റെ നാലു വർഷം) ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ (പ്രോമിസ് ആന്റ് പെർഫോമൻസ്) ഫോൾഡർ (1) ബ്രോഷർ (1) എന്നിവയാണ് പ്രസിദ്ധീകരിച്ചത്. കൂടാതെ 2 ഇനം പോസ്റ്ററുകളും ഒരിനം ബാനറും അച്ചടിച്ചിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(ബി) 25 പുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിലാണ് അച്ചടിച്ചത് "നിറവിന്റെ നാലു വർഷം" "പ്രോമിസ് ആന്റ് പെർഫോമൻസ്" എന്നീ രണ്ടു പുസ്തകങ്ങളും ഒരു ബ്രോഷറും ഒരു ഫോൾഡറും രണ്ട് തരം പോസ്റ്ററുകളും അർദ്ധസർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്പോ ഗ്രാഫിക് സെന്ററിലാണ് അച്ചടിച്ചിട്ടുള്ളത്.

(സി) അച്ചടിച്ച പ്രസ്സിന്റെ പേര് എല്ലാ പുസ്തകങ്ങളുടേയും നാലാം പേജിൽ കൊടുത്തിട്ടുണ്ട്. ഫോൾഡറിൽ പ്രസ്സിന്റെ പേരില്ലെങ്കിലും പ്രസാധകന്റെ വിശദവിവരം അച്ചടിച്ചിട്ടുണ്ട്.

(ഡി&ഇ) പരിശോധിക്കുന്നതാണ്.

പറമ്പികുളം-ആളിയാർ കരാർ സംബന്ധിച്ച ചർച്ച

27 (27) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly